# GOVERNMENT OF KERALA

## Abstract

Health and Family Welfare Department - Establishment of an Institute of Organ Tissue Transplant in Kozhikode and appointment of Dr.Biju Pottakkat, Professor, Department of Surgical Gastroenterology, Jawaharlal Institute of Post Graduate Medical Education and Research, Puducherry as Special Officer - orders issued.

---

## HEALTH & FAMILY WELFARE (B) DEPARTMENT

G.O.(Ms)No.254/2022/H&FWD Dated,Thiruvananthapuram, 02-12-2022

---

Read 1 Minutes of the meeting chaired by the Hon'ble Chief Minister on 02.07.2022.

2 Letter No.Estt.3(145)/2011 dated 12.08.2022 of Deputy Director (Admn.), Jawaharlal Institute of Post Graduate Medical Education and Research,Puducherry.

## ORDER

In the meeting chaired by the Hon'ble Chief Minister on 02.07.2022, the following decisions were taken for establishing an Institute of Organ Tissue Transplant in Kozhikode as a Centre of Excellence in the State.

i. Two acres of land to be identified from Kozhikode Medical College campus for establishing Institute of Organ and Tissue Transplant temporarily.

ii. 20 acres of land from the campus of Leprosy Hospital, Kozhikode to be taken for establishing the Institute at a permanent site. If the hospital building for treatment Leprosy patients is in the said land, alternate arrangement has to be provided for the functioning of the leprosy hospital.

iii. Dr.Biju Pottakat, Professor, Department of Surgical Gastroenterology, Jawaharlal Institute of Post Graduate Medical Education and Research, Puducherry shall be appointed as Special

officer. It is to be ensured that his service conditions and pay and allowances as in JIPMER, Pondicherry, shall be protected.

iv. The proposals for the appointment of Special Officer and land transfer shall be placed before the Council of Ministers.

2. Having examined the matter in detail, Government are pleased to order in-principle approval for establishing an Institute of Organ and Tissue Transplant in Kozhikode in the State. Government are also pleased to appoint Dr.Biju Pottakkat, Professor, Department of Surgical Gastroenterology, Jawaharlal Institute of Post Graduate Medical Education and Research, Puducherry as Special Officer for the establishment of the Institute of Organ and Tissue Transplant by protecting his service condition and pay and allownces in JIPMER, Pondichery.

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

To:
The Director of Medical Education, Thiruvananthapuram.
The Director of Health Services, Thiruvananthapuram.
The Director of Jawaharlal Institute of Post Graduate Medical Education and Research, Puducherry.
The Executive Director, Kerala State Organ & Tissue Transplant Organisation, Thiruvananthapuram.
The Principal Accountant General (Audit/A&E), Kerala, Thiruvananthapuram.
The General Administration (SC) Department (Item No.1218 dated 30.11.2022)
The Finance Department (No.B1/167/2022/Fin. dated 12.10.2022.
Information & Public Relations (Web& New media) Department
Stock file/Office copy.

Forwarded /By order
**Signed by Raseena R A**
**Date: 03-12-2022 10:52:09**
Section Officer

Copy to : PS to Hon'ble Chief Minister
PS to Hon'ble Minister (Health)
PA to Principal Secretary, H&FW Dept.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-11-2022

ഫയൽ നം. ഹെൽത്ത്-ബി1/167/2022/ഹെൽത്ത്.  ഇനം നം: 1218

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്ത് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

AS(B)
V. urgent.
30/11

1218

**കേരള സർക്കാർ**

**ശ്രീ.പിണറായി വിജയൻ മന്ത്രിസഭ**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | | ഹെൽത്ത് - ബി1/167/2022/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | ആ.കു.വ - സംസ്ഥാനത്ത് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10.11.2022 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട്.<br>ഉൾക്കൊളളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനി.എം. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.11.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.11.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26.11.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29.11.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് കോഴിക്കോട് ജില്ല കേന്ദ്രീകരിച്ച് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 02.07.2022 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, സംസ്ഥാനത്ത് മികവിന്റെ കേന്ദ്രമായി ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു:-

i. കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള 2 ഏക്കർ ഭൂമി ഈ ആവശ്യത്തിനായി താത്കാലികമായി കണ്ടെത്തി സംസ്ഥാനത്ത് ഓർഗൻ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന നടപടിയുമായി മുന്നോട്ട് പോകാവുന്നതാണ്.

ii. കുഷ്ഠരോഗാശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ 20 ഏക്കർ സ്ഥലം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് എടുക്കാവുന്നതാണ്. സ്ഥലം എടുക്കുമ്പോൾ കെട്ടിടം ഉൾപ്പെടുന്നുവെങ്കിൽ കുഷ്ഠരോഗാശുപത്രിയ്ക്കായി പകരം സംവിധാനം ഒരുക്കിക്കൊടുക്കണം.

iii. ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ചിൽ (ജിപ്മർ) സർജിക്കൽ ഗാസ്ട്രോഎന്ററോളജി വിഭാഗം പ്രൊഫസറായ ഡോ.ബിജു പൊറ്റക്കാടിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് മുന്നോട്ട് പോകാവുന്നതും ടിയാന്റെ സേവന വേതന വ്യവസ്ഥകൾ ടിയാൻ നിലവിൽ .കൈപ്പറ്റുന്നതിന് സമാനമായിരിക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

iv. സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും സ്ഥലം കൈമാറുന്നതിനുമുള്ള ശിപാർശ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കണം.

3. മേൽ യോഗത്തിലെ ഒന്ന്, രണ്ട് എന്നീ തീരുമാനങ്ങളിന്മേലും കൂടാതെ നാലാമത്തെ തീരുമാനത്തിൽ സ്ഥലം കൈമാറുന്നതിനും ആവശ്യമായ തുടർ നടപടികൾ ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പിൽ സ്വീകരിച്ചു വരുന്നുണ്ട്.

4.സംസ്ഥാനത്ത് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിന് ഡോ. ബിജു പൊറ്റക്കാടിന്റെ സേവനം സംസ്ഥാന സർക്കാരിന് വിട്ടുനൽകുന്നതിനായി ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് (ജിപ്മർ) ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ നൽകുവാൻ

ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്:-

i. നിർദിഷ്ട നിയമനം ഫുൾ ടൈം ആണോ പാർട്ട് ടൈം ആണോ ?
ii. ഈ നിർദിഷ്ട നിയമനത്തിന്റെ കാലയളവ് എത്രയായിരിക്കും?
iii. നിയമന നിബന്ധനകൾ എന്തായിരിക്കും ഉദാ. ഡെപ്യൂട്ടേഷൻ/ഹ്രസ്വകാല കരാർ, തസ്തികയുടെ ശമ്പളം?
iv. സൂചിപ്പിച്ച പ്രോജക്റ്റിൽ ഡോ.ബിജു പൊറ്റക്കാടിന്റെ നിർദ്ദിഷ്ട ചുമതലകൾ
v. നിയമനം ആരംഭിക്കാൻ സാധ്യതയുള്ള തീയതി ഏതാണ്?

5. മേൽ ഇനം നം. (iii) പ്രകാരം കോഴിക്കോട് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ഡോ.ബിജു പൊറ്റക്കാടിനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിന് വേണ്ടി ഡോ. ബിജു പൊറ്റക്കാടിന്റെ ശമ്പളവും അലവൻസുകളും സംരക്ഷിക്കുന്നതിലും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് vanishing category ആയി തസ്തിക സൃഷ്ടിക്കുകയോ അല്ലെങ്കിൽ ഹ്രസ്വ കരാർ വ്യവസ്ഥയിൽ നിയമനം നൽകുന്നതിലും അഭിപ്രായം ആരാഞ്ഞപ്പോൾ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

*"AD is requested to issue Administrative Sanction for establishing the Institute of Organ and Tissue Transplant in Kozhikode, in the first instance, after placing before the Council of Ministers as decided in the meeting chaired by the*

*Hon'ble Chief Minister on 02.07.2022. After issuing Administrative sanction order only, the appointment of Special Officer can be considered.*

*This has approval of Hon'ble Minister (Finance)."*

6. സംസ്ഥാനത്ത് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും ഡോ. ബിജു പൊറ്റക്കാടിനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിനും ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയങ്ങൾ

1. സംസ്ഥാനത്ത് കോഴിക്കോട് ജില്ലയിൽ ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കാമോ?

2. നിലവിൽ പോണ്ടിച്ചേരിയിലെ ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എജ്യൂക്കേഷൻ ആൻഡ് റിസർച്ചിൽ (ജിപ്മർ) സർജിക്കൽ ഗാസ്ട്രോഎന്ററോളജി വിഭാഗം പ്രൊഫസറായ ഡോ.ബിജു പൊറ്റക്കാടിനെ ടിയാൻ നിലവിൽ മേൽ സ്ഥാപനത്തിൽ കൈപ്പറ്റുന്ന സേവന വേതന വ്യവസ്ഥകൾ സംരക്ഷിച്ച് കൊണ്ട് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിക്കാമോ?